ജനുവരി 2010 വാല്യം 3 ലക്കം 1

# ശ്രീ രാം ചന്ദ്ര മിഷൻ®

# India ECHOES

ONE WORLD ONE HUMANITY

സ്വകാര്യ പ്രചരണത്തിനു മാത്രം

എല്ലാ വായനക്കാർക്കും അഭിവൃദ്ധി നിറഞ്ഞ പുതുവത്സരാശംസകൾ. ഈ ലക്കം മുതൽ എക്കോസ് ന്യൂസ്‌ലെറ്റർ നിങ്ങളുടെ മുന്നിലെത്തുന്നത് പുതിയ രൂപത്തിലാണ്. ലോകത്തിൻെറ മറ്റ് ഭാഗങ്ങളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ന്യൂസ്‌ലെറ്ററുകളും ഇനി മുതൽ ഇതേ രൂപത്തിലായിരിക്കും.

ഈ ലക്കത്തിൻെറ ഉള്ളടക്കം

മാസ്റ്ററുടെ പര്യടനം ........................................ പേജ് 1–4
അറിയിപ്പുകൾ........................................പേജ് 5
സോണൽ തല പ്രവർത്തനങ്ങൾ ........................................പേജ് 6–10
പ്രകാശകേന്ദ്രം ........................................പേജ് 11







## മാസ്റ്ററുടെ പര്യടനം

തെക്കൻ തമിഴ്നാട്ടിലെ ട്രിച്ചിയിൽ നിന്നും 45 കി.മി അകലെ സ്ഥിതി ചെയ്യുന്ന തുറയൂർ എന്ന ചെറുപട്ടണത്തിലെ അഭ്യാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധന ത്വരിതഗതിയിലായിരുന്നു. 2001–ൽ രണ്ട് അഭ്യാസികൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ നൂറ്റമ്പതോളം പേർ ഉണ്ട്. ഇത്തരത്തിലുള്ള വളർച്ചയുടെ ഫലമായി ഒരു ആശ്രമം വേണമെന്ന ചിന്ത ഉണ്ടാവുകയും അതിനായി ഒരേക്കർ സ്ഥലം വാങ്ങുകയും ചെയ്തു.
ഒക്ടോബർ 25–ന് ഇദംപ്രഥമമായി ഈ സെൻററിലേക്ക് മാസ്റ്റർ നടത്തിയ സന്ദർശനം അഭ്യാസികളിൽ അവാച്യമായ ആനന്ദാനുഭൂതി ഉളവാക്കി. അവിടെ കൂടിയിരുന്ന 850–ൽ അധികം വരുന്ന അഭ്യാസികൾക്കായി മാസ്റ്റർ സത്സംഗം നടത്തി. അതിന് ശേഷം തമിഴിൽ നടത്തിയ പ്രഭാഷണത്തിൽ മാസ്റ്റർ ഊന്നൽ കൊടുത്തത്, ജാതിക്കും അനാവശ്യമായ ആചാരാനുഷ്ഠാനങ്ങൾക്കും അതീതമായി വളരാനും ഉൾപരിവർത്തനം നടത്തി അതിൻെറ ഫലം തങ്ങളുടെ പ്രവൃത്തിയിൽ കൊണ്ടുവരാനുമായിരുന്നു. ഇതായിരിക്കണം മറ്റുള്ളവരെ സഹജമാർഗ്ഗത്തിലേക്ക് ആകൃഷ്ടരാക്കേണ്ട വസ്തുതയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
ആശ്രമത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പേ തന്നെ മാസ്റ്റർ അതിൻെറ വിപുലീകരണത്തിൻെറ സാധ്യതകളെപ്പറ്റി ചർച്ച നടത്താൻ തുടങ്ങിയിരുന്നു! നമ്മുടെ വീക്ഷണം വർത്തമാനകാലത്തിൽ മാത്രമൊതുങ്ങുന്നതും എന്നാൽ മാസ്റ്ററുടേത് ഭാവിയിലേക്ക് വ്യാപരിക്കുന്ന ഒന്നാണെന്നും ആ ഭാവിക്കു വേണ്ടി അടിത്തറയിടുന്നത് വർത്തമാനകാലത്തിലാണെന്നുമുള്ള യാഥാർത്ഥ്യത്തിൻെറ വെളിവാക്കൽ കൂടിയായിരുന്നു ഈ സംഭവം.

## സിലിഗുരിയും ഗാംഗ്ടോക്കും

നവംബർ 2–ാം തീയതി കൊൽക്കത്തയിൽ നിന്നും മാസ്റ്റർ ബഗ്ദോഗ്രയിലേക്ക് ആകാശമാർഗ്ഗം യാത്ര തിരിച്ചു. അവിടെയുള്ള അഭ്യാസികൾ അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണം നൽകി. വിമാനത്താവളത്തിൽ നിന്നും ഒരു മണിക്കൂർ യാത്രാദൈർഘ്യമുള്ള മിഷൻെറ പുതുതായി വാങ്ങിയ സ്ഥലം അദ്ദേഹം സന്ദർശിച്ചു. വൈകുന്നേരം 5:30–ന് സിലിഗുരിയിലെ ഒരു ഹോട്ടലിലെ സമ്മേളന മുറിയിൽ വച്ച് അദ്ദേഹം സത്സംഗം നടത്തി. പിറ്റേന്ന് പ്രഭാതത്തിൽ 7 മണിക്കായിരുന്നു സത്സംഗം നടത്താൻ നിശ്ചയിച്ചിരുന്നതെങ്കിലും 6:30–ന് മുമ്പേ തന്നെ മാസ്റ്റർ ധ്യാന മന്ദിരത്തിൽ സന്നിഹിതനായിരുന്നു. 9 മണിയോടെ അദ്ദേഹം സിലിഗുരിയിൽ നിന്നും തീസ്ത നദിയുടെ ഓരം ചേർന്നുള്ള മനോഹരമായ വഴിയിലൂടെ സിക്കിമിലെ ഗാംഗ്ടോക്കിലേക്ക് യാത്ര തിരിച്ചു. ഉച്ചയോടെ സിക്കിമിൻെറ അതിർത്തിയിൽ എത്തിയ മാസ്റ്റർ രാംഗ്പോയിലെ സംസ്ഥാന സർക്കാരിൻെറ അതിഥി മന്ദിരത്തിൽ തങ്ങി. അവിടെയുള്ളവർ അദ്ദേഹത്തിന് പരമ്പരാഗത രീതിയിലുള്ള സ്വീകരണം നൽകി. ഒരു മണിക്കൂർ യാത്രയ്ക്കുശേഷം അദ്ദേഹം പ്രകൃതി രമണീയവും പരമ്പരാഗത ശിൽപചാതുരിയുളവാക്കുന്നതുമായ റിസോർട്ടിൽ എത്തിച്ചേർന്നു. വിശാലമായ മുറ്റത്തിൽ സൂര്യകിരണങ്ങളാസ്വദിച്ചുകൊണ്ട് മാസ്റ്റർ അഭ്യാസികൾക്കൊപ്പം സമയം ചെലവഴിച്ചു. സിക്കിമിൽ സന്നിഹിതനാവാൻ സാധിച്ചതിൽ പ്രത്യക്ഷത്തിൽ തന്നെ സന്തോഷവാനായി കാണപ്പെട്ട മാസ്റ്റർ അത് പല പ്രാവശ്യം സൂചിപ്പിക്കുകയും ചെയ്തു.

സംഭാഷണവേളയിൽ ഒരഭ്യാസി, ആളുകൾ സഹജമാർഗ്ഗത്തിൽ ചേരുന്നുണ്ടെങ്കിലും പലപ്പോഴും ഉടനെ തന്നെ കൊഴിഞ്ഞു പോകുന്നതിനെപ്പറ്റി പറഞ്ഞു. ഇതിന് മറുപടിയായി മാസ്റ്റർ ഇങ്ങനെ പറഞ്ഞു "ആളുകൾ വരികയും പോവുകയും ചെയ്യും . പക്ഷെ അവർ ഒരിക്കൽ ഇവിടെ(സഹജമാർഗ്ഗത്തിൽ) വന്നാൽ പിന്നെ എവിടെ പോകുന്നു എന്ന് നോക്കേണ്ടത് എൻെറ ഉത്തരവാദിത്തമാണ്."
വൈകുന്നേരത്തെ സത്സംഗം തുടങ്ങുന്നതിനു മുമ്പായി മാസ്റ്റർ എല്ലാവരോടും ഇങ്ങനെ ചോദിച്ചു. "നിങ്ങൾ എല്ലാവരും തയ്യാറാണോ?" സിക്കിമിലെ അദ്ദേഹത്തിൻെറ താമസോദ്ദേശ്യത്തെ

സിലിഗുരി



രാംഗ്പോ



ഗാംഗ്ടോക്



ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

ധ്വനിപ്പിക്കുന്നതായിരുന്നു ആ ചോദ്യം. അത്താഴസമയത്ത് മാസ്റ്റർ, ബാബൂജിയുമായുള്ള തൻെറ രസകരമായ അനുഭവങ്ങളിൽ ചിലത് പങ്കുവച്ചു.

നാലാം ദിനം തുടങ്ങിയത് 7 മണിക്കുള്ള സത്സംഗത്തോടു കൂടിയായിരുന്നു. വൈകുന്നേരത്തെ ചെറിയ ഒരു സാംസ്കാരിക പരിപാടിക്കു ശേഷം അഭ്യാസികൾക്കൊപ്പം ബോൺഫയറിൽ പങ്കെടുക്കുകയും അവരോടൊത്ത് അത്താഴം കഴിക്കയും ചെയ്തു. ഭക്ഷണത്തിനിടെ ചില പുരാണ കഥകളും മാസ്റ്റർ പങ്കുവെച്ചു.

അദ്ദേഹം സദ്യയൊരുക്കിയ സിക്കിമിലെ അഭ്യാസികൾക്ക് നന്ദി പറഞ്ഞു. ഭഗവാൻ ശ്രീരാമചന്ദ്രനേയും തോണിക്കാരനേയും കുറിച്ചുള്ള ഒരു കഥ വിവരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, "എങ്ങനെ നിങ്ങൾ ശരീരത്തിന് ആഹാരം നൽകിയോ അതുപോലെ നിങ്ങളുടെ ആത്മാവിനു ഭക്ഷണം ലഭിക്കുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു".

നവംബർ 5-ന മാസ്റ്റർ സ്ഥലത്തുള്ള കമ്പോളത്തിൽ പോയി ക്രെസ്റ്റ്-ലെ വായനശാലയിലേക്കായി നിരവധി പുസ്തകങ്ങൾ തിരഞ്ഞെടുത്തു. തദ്ദേശത്തുള്ള പ്രിസപ്റ്ററുടെ വസതിയിൽ സത്സംഗം നടത്തിയ അദ്ദേഹം അഭ്യാസികളുമായി കുറച്ച് സമയം ചിലവഴിച്ചു. ആ സുന്ദര ദിനത്തിൽ അദ്ദേഹത്തിൻെറ ദിവ്യകൃപ എല്ലാവരിലും നിറഞ്ഞു.

വൈകുന്നേരം സത്സംഗത്തിനു ശേഷം സംസാരിച്ച മാസ്റ്റർ എല്ലാ മനുഷ്യരും തുല്യരാണെന്ന് ഊന്നിപ്പറഞ്ഞു. ജനങ്ങൾക്കിടയിൽ സീമകളൊന്നും തന്നെ പാടില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആത്മീയതയിൽ വ്യത്യാസങ്ങളൊന്നുമില്ല, യാഥാർത്ഥ്യമേയുള്ളൂ. ഈ യാഥാർത്ഥ്യമാണ് എല്ലാ ജീവജാലങ്ങളുടേയും സാരാംശം.

നവംബർ 6-ന അദ്ദേഹം സിക്കിമിൽ നിന്നും സിലിഗുരിയിലേക്ക് പോയി. അവിടെ എത്തിയ ഉടനെ അദ്ദേഹം ആശ്രമത്തിനായുള്ള നിർദ്ദിഷ്ട സ്ഥലത്ത് വെട്ടിത്തിളങ്ങുന്ന സൂര്യനു കീഴെ, സത്സംഗം നടത്തി. തുടർന്നദ്ദേഹം എല്ലാവർക്കും പ്രസാദം നൽകി. ഉച്ചഭക്ഷണത്തിന് ശേഷം മാസ്റ്റർ കൊൽക്കത്തയിലേക്ക് പോയി.

## ഒറീസ്സ

നവംബർ 15-ന് മാസ്റ്റർ ഖരഗ്പൂരിൽ നിന്നും ഭുവനേശ്വറിലേക്ക് എകദേശം 350 കി.മി ദൂരം റോഡ് മാർഗ്ഗം യാത്ര ചെയ്തു. എകദേശം 11 മണിയോടെ അദ്ദേഹം, തന്നെ അനുഗമിച്ചവർക്കൊപ്പം ഒറീസ്സയിലെ ഭദ്രക് എന്ന സെൻററിലെത്തി. അവിടത്തെ അഭ്യാസികളെ കണ്ടതിനു ശേഷം മാസ്റ്റർ ഉച്ചഭക്ഷണം കഴിഞ്ഞ് ഭുവനേശ്വറിലേക്ക് പുറപ്പെട്ടു.

എകദേശം 4:45-ഓടെ മാസ്റ്റർ ഭുവനേശ്വറിലെ ഹോട്ടലിലെത്തിച്ചേർന്നു. ശക്തമായ മഴയെ വകവെക്കാതെ അഭ്യാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു. ഇത് അദ്ദേഹത്തിൻെറ ആദ്യ ഭുവനേശ്വർ സന്ദർശനമായിരുന്നു, അംഗുളിനും കട്ടക്കിനും ശേഷം ഒറീസ്സയിലേക്കുള്ള രണ്ടാമത്തേതും.

നവംബർ 16-ന് മാസ്റ്റർ ആശ്രമത്തിനായുള്ള (ഒറീസ്സയിലെ ആദ്യത്തെ ആശ്രമം) നിർദ്ദിഷ്ട സ്ഥലത്തേക്ക് പോയി. എകദേശം 350-ഓളം അഭ്യാസികൾ അദ്ദേഹത്തെ ഹാർദ്ദവമായി സ്വാഗതം ചെയ്തു. സത്സംഗത്തിനു ശേഷം നടത്തിയ പ്രഭാഷണത്തിൽ മാസ്റ്റർ പറഞ്ഞു, " ശങ്ക ആത്മാവിന് വിഷമാണ്. ചില കാര്യങ്ങൾക്ക് ശങ്ക അല്ലെങ്കിൽ സംശയം അനുവദിച്ചിട്ടില്ല, ഉദാഹരണത്തിന് ദൈവമുണ്ടോ എന്ന സംശയം. "ഈ പദ്ധതിയെ പരിശോധിക്കുക, നിങ്ങളുടെ ഭാവി ഗുരുവിനെ പരിശോധിക്കുക, അതിനു ശേഷം ശരിയായ ഗുരുവിനെ കണ്ടെത്തി എന്ന് സ്വയം തൃപ്തരായാൽ, അബദ്ധത്തിൽപ്പോലും അദ്ദേഹത്തിൽ നിന്നും വിട്ടു പോകാതിരിക്കുവാനായി നിങ്ങളെ സ്വയം അദ്ദേഹവുമായി ഉരുക്കു കൊണ്ടു ബന്ധിപ്പിക്കുക" എന്ന് ബാബുജി പറയുമ്പോൾ അഭ്യാസികൾക്കും അഭ്യാസികളാകാൻ പോകുന്നവർക്കുമായി ധാരാളം സാദ്ധ്യതകളാണ് അദ്ദേഹം നൽകുന്നത്.



നവംബർ 18-ന് കാലത്ത് 8:35-ന മാസ്റ്റർ ധ്യാനമന്ദിരത്തിലെത്തി. വിസ്പേർസ് വാല്യം 1-ലും 2-ലുമുള്ള ബാബുജിയുടെ സന്ദേശങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ഈ സന്ദേശങ്ങളെല്ലാം "ശ്രുതി" എന്ന ഗണത്തിൽപ്പെടുന്നവയാണെന്ന് അദ്ദേഹം പറഞ്ഞു, കാരണം ആരും ഇതിനെക്കുറിച്ച് ചിന്തിക്കുകയോ, എഴുതുകയോ ചെയ്തതല്ല. അവ വന്നു, അവ സ്വീകരിക്കപ്പെട്ടു, പിന്നീടവ എഴുതപ്പെട്ടു. അതിനാൽ തന്നെ അവ അതീവ ശ്രദ്ധ അർഹിക്കുന്നു. ശരിയായ സ്വാതന്ത്ര്യം ആത്മാവിൻെറ സ്വാതന്ത്ര്യമാണെന്നും അത് അന്നും അങ്ങനെയായിരുന്നെന്നും ഇന്നും എന്നും അങ്ങനെയായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആ സ്വാതന്ത്ര്യം ആർജ്ജിക്കേണ്ടതാണ് കാരണം എങ്ങനെയോ ആത്മാവ് മജ്ജയും മാംസവുമായ ഈ ശരീരത്തിൽ നിർഭാഗ്യവശാൽ ബന്ധനത്തിലാക്കപ്പെട്ടു.

തുടർന്നദ്ദേഹം സത്സംഗം നടത്തി. അതിന് ശേഷം അദ്ദേഹം അഭ്യാസികളുമായി അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് കുറച്ചു സമയം ചിലവഴിച്ചു. പിറ്റേന്ന് അദ്ദേഹം ആകാശമാർഗ്ഗം ചെന്നൈയിലേക്ക് പോയി.

## ബാംഗ്ലൂർ

ചെന്നൈയിൽ നിന്നും മാസ്റ്റർ നവംബർ 28-ന കാലത്ത് പ്രാതലിനു ശേഷം 8:30-ന പുറപ്പെട്ട് എകദേശം 11:45-ഓടെ നാട്രാംപള്ളി ആശ്രമത്തിലെത്തിച്ചേർന്നു. എകദേശം 800 അഭ്യാസികൾക്കായി സത്സംഗം നടത്തിയശേഷം ഉച്ചക്ക് 1:30-ഓടെ പുറപ്പെട്ട അദ്ദേഹം വൈകുന്നേരം 4:30-ന ബാംഗ്ലൂരിലെ "പരംധാം" ആശ്രമത്തിലെത്തി.

പിറ്റേന്ന് ഞായറാഴ്ച്ച സത്സംഗത്തിന് മുൻപായി അദ്ദേഹം 'വിസ്പേർസ് ഫ്രം ദ് ബ്രൈറ്റർ വേൾഡ്'ൻെറ മൂന്നാം വാല്യത്തിൻെറ ബുക്കിംഗ് ആരംഭിച്ചതായി പ്രഖ്യാപിച്ചു. ഓരോ വർഷം ഒരോ വാല്യമെന്ന കണക്കിൽ ഇങ്ങനെ മൊത്തം 12 വാല്യങ്ങളുണ്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

ഡിസംബർ 3, വ്യാഴാഴ്ച്ച മാസ്റ്റർ ക്രെസ്റ്റിലേക്ക് പോയി. അവിടെ നടന്നു കൊണ്ടിരുന്ന സാധന പരിശീലന പരിപാടിയിൽ പങ്കെടുത്തിരുന്ന എകദേശം 40 അഭ്യാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു. വൈകുന്നേരം അവിടെയുണ്ടായിരുന്ന ഏവരെയും സന്തോഷിപ്പിച്ചുകൊണ്ട് മാസ്റ്റർ ഗോൾഫ് വാഹനത്തിൽ ക്യാമ്പസ്സിൽ ചുറ്റി സഞ്ചരിച്ചു

സിലിഗുരി



ഭുവനേശ്വർ





ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക




ബാംഗ്ലൂർ



ടിപ്റ്റൂർ

4–ാം തീയതി മാസ്റ്റർ സാധനയുടെ പരിശീലന പരിപാടിയുടെ സമാപനയോഗത്തിൽ പങ്കെടുക്കുകയും അതിലെ എല്ലാ പങ്കാളികൾക്കും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ചില പങ്കാളികൾ അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ നടന്ന ഈ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഉള്ള സന്തോഷം പ്രകടിപ്പിച്ചത് അദ്ദേഹം വളരെ ക്ഷമയോടെ ശ്രവിച്ചു. സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു, "സിദ്ധാന്തവും പരിശീലനവും ഏണി കയറുന്നതുപോലെയാണ്. ഇത് സ്വീകരിക്കാൻ തയ്യാറായ ആളുകൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുവാനും, വിജ്ഞാനം പകരുവാനും, അവരെ പരിശീലിപ്പിക്കുവാനുമുള്ള സൗകര്യങ്ങൾ ക്രെസ്റ്റിൽ ഉള്ളതിൽ ഞാൻ സന്തോഷിക്കുന്നു. പക്ഷെ സ്വീകരിച്ചാൽ മാത്രം പോര, ഇവിടെ നിന്നും പഠിക്കുന്നത് കർക്കശമായി പാലിക്കുക കൂടി വേണം."

ശനിയാഴ്ച 5–ാം തീയതി മാസ്റ്റർ കർണ്ണാടക പ്രശിക്ഷകരുടെ സമ്മേളനം ക്രെസ്റ്റിൽ ഉദ്ഘാടനം ചെയ്തു. അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള സന്ദേശത്തിൽ ഹൃദയം കൊണ്ട് ജോലി ചെയ്യുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അന്ന് അവിടെ വിദേശത്തു നിന്നുമുള്ള സന്ദർശകരായ പ്രശിക്ഷകരടക്കം 145 പേർ ഉണ്ടായിരുന്നു.



തുംകൂർ

## ടിപ്റ്റൂർ

മാസ്റ്റർ 6–ാം തീയതി കാലത്ത് 8–മണിക്ക് ക്രെസ്റ്റിൽ നിന്നും ടിപ്റ്റൂരിലേക്ക് യാത്ര തിരിച്ചു. ബാംഗ്ലൂരിൽ നിന്നും 165 കി.മി. അകലെ വടക്കു പടിഞ്ഞാറായിട്ടാണ് ടിപ്റ്റൂർ സ്ഥിതി ചെയ്യുന്നത്. അവിടെ ഏകദേശം 90 അഭ്യാസികളുണ്ട്. ഇത് അദ്ദേഹത്തിൻെറ മൂന്നാമത്തെ സന്ദർശനവും, ധ്യാന മന്ദിരവും മറ്റും പണിതതിനു ശേഷം ആദ്യത്തേതുമാണ്. അവിടെ എത്തിച്ചേർന്ന ഉടനെ സത്സംഗം വൈകിട്ട് 5–മണിക്കും രാത്രി 9–മണിക്കും ഉണ്ടായിരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. ഈ രണ്ടു സത്സംഗവും മാസ്റ്റർ തന്നെ നടത്തുകയും ചെയ്തു. അവിടെ 1000–ത്തിൽ പരം അഭ്യാസികൾ അടുത്തുള്ള വിവിധ കേന്ദ്രങ്ങളിൽ നിന്നും, ബാംഗ്ലൂരിൽ നിന്നും അദ്ദേഹത്തിൻെറ സാമീപ്യം കാംക്ഷിച്ച് എത്തിയിരുന്നു.

അദ്ദേഹം പിറ്റേ ദിവസം കാലത്തെ സിറ്റിംഗ് നൽകി, അൽപം വിശ്രമിച്ച ശേഷം തുംകൂരിലേക്ക് യാത്ര തിരിച്ചു. വളരെ ആകാംക്ഷയോടെ തുംകൂർ അഭ്യാസികൾ കാത്തു നിൽക്കുകയായിരുന്നു. മാസ്റ്റർ വളരെ ഉത്സാഹ ഭരിതനായിരുന്നു. അദ്ദേഹം ബാബുജിയെപ്പറ്റിയും മഹാഭാരതത്തിലെ സംഭവങ്ങളെക്കുറിച്ചും സംസാരിച്ചു. "നാം ഇരുട്ടിൽ നിന്നാൽ നമുക്ക് ഇരുട്ട് മാത്രമേ കാണുകയുള്ളൂ. അതിൽ നിന്നും എങ്ങനെ രക്ഷപ്പെടാം? പുറത്തേക്കുവരണം" എന്ന് അദ്ദേഹം പറഞ്ഞു.

മാസ്റ്റർ ഉച്ചയൂണിനു ശേഷം തുംകൂറിൽ നിന്നും പുറപ്പെട്ട് 4:30യോടെ ബാംഗ്ലൂരിൽ എത്തിച്ചേർന്നു. കാപ്പികുടിച്ച ശേഷം പരംധാമിലെത്തി സത്സംഗം നടത്തി. വളരെ തിരക്കുപിടിച്ച ദിവസമായിരുന്നിട്ടും രാത്രി വളരെ വൈകുന്നതുവരെയും അദ്ദേഹം തൻെറ ജോലിയിൽ വ്യാപൃതനായിരുന്നു. അദ്ദേഹം തൻെറ ബാംഗ്ലൂരിലെ താമസം ഒരു ദിവസം കൂടി നീട്ടുവാനും പിറ്റേ ദിവസം വിശ്രമിക്കുവാനും തീരുമാനിച്ചു.



തിരുപ്പൂർ

## തിരുപ്പൂർ

9–ാം തീയതി കാലത്ത് 6:30–ന് അദ്ദേഹം ബാഗ്ലൂരിൽ നിന്നും പുറപ്പെട്ട് 7:30–ന് കൃഷ്ണഗിരിയിൽ എത്തിച്ചേർന്നു. പ്രാതലിനുശേഷം 9 മണിക്ക് അദ്ദേഹം സത്സംഗം നടത്തി. ഈറോഡിൽ ഉച്ചഭക്ഷണത്തിനു ശേഷം കുറച്ച് വിശ്രമിച്ച ശേഷം തിരുപ്പൂർ ഡയമണ്ട് ജൂബിലി പാർക്കിൽ എത്തിച്ചേർന്നു. ഒരു കാപ്പി കഴിച്ച ഉടനെ തന്നെ അദ്ദേഹം ഇങ്ങനെ പറഞ്ഞു "ബാബൂജി പറയുന്നു, 'ഇപ്പോൾ നീ കാപ്പി കുടിച്ചു ഇനി ജോലി തുടങ്ങിക്കോളൂ' എന്ന്" . അദ്ദേഹം ഉടനെ ധ്യാന മന്ദിരത്തിലേക്ക് പോകുകയും സത്സംഗം നടത്തുകയും ചെയ്തു. അടുത്ത മൂന്നു ദിവസങ്ങളിൽ ദിവസേന മൂന്ന് സത്സംഗം നടത്തുമെന്നും അവ കാലത്ത് 6:30നും, 11 മണിക്കും പിന്നെ വൈകുന്നേരം 5:30നും ആയിരിക്കുമെന്ന് മാസ്റ്റർ അറിയിച്ചു.

കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും പിന്നെ ഗുജറാത്തിൽ നിന്നുമുള്ള പ്രശിക്ഷകർ അടക്കം മൊത്തം 4000 പേർ ഉണ്ടായിരുന്നു. അവിടുത്തെ അന്തരീക്ഷം ഒരു ഭണ്ഡാരയുടേതിനു സമാനമായിരുന്നു. മാസ്റ്റർ എല്ലാ സത്സംഗവും ധ്യാന മന്ദിരത്തിൽ വെച്ച് നടത്തി.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക
ജനുവരി 2010 വാല്യം 3 ലക്കം 1







മലമ്പുഴ

കോയമ്പത്തൂർ

11–ാം തീയതി കാലത്തെ 6:30നും 11 മണിക്കുമുള്ള സത്സംഗം മാസ്റ്റർ ധ്യാന മന്ദിരത്തിൽ വച്ച് നൽകി. ഉച്ചയ്ക്കു ശേഷം ഒരു അഭ്യാസിയുടെ പട്ടണത്തിലുള്ള വസതി സന്ദർശിച്ച ശേഷം മാസ്റ്റർ കൃത്യം 5:30നുള്ള സത്സംഗം നടത്തുവാനായി തിരിച്ചെത്തി.

12–ാം തീയതി മൂന്ന് സത്സംഗവും മാസ്റ്റർ ധ്യാന മന്ദിരത്തിൽ വെച്ചാണ് നടത്തിയത്. മാസ്റ്റർ 13–ാം തീയതി രാവിലെ 6:30–ന് സത്സംഗം നടത്തിയതിനു ശേഷം കോയമ്പത്തൂർ ആശ്രമത്തിലേക്ക് യാത്ര തിരിച്ചു. അദ്ദേഹം അവിടെ 11 മണിക്ക് എത്തിച്ചേർന്നു. അൽപനേരം വിശ്രമിച്ചശേഷം അദേഹം അഭ്യാസികളൊത്ത് കുറച്ച് സമയം പങ്കിടുകയും തുടർന്ന് മലമ്പുഴയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

14–ാം തീയതി മലമ്പുഴയിൽ ശാന്തമായി അൽപ സമയം ചെലവിട്ടതിനുശേഷം ഉച്ചയൂണിനുശേഷം അദ്ദേഹം കോയമ്പത്തൂരിലേക്ക് യാത്ര തിരിച്ചു. അവിടെ ഒരു അഭ്യാസിയുടെ വസതിയിൽ അദ്ദേഹം മൂന്നു മണിയോടെ എത്തിച്ചേർന്നു. രാത്രി ഭക്ഷണത്തിനു മുൻപും ഭക്ഷണത്തിനു ശേഷവും അദ്ദേഹം അഭ്യാസികളോടൊത്ത് സമയം ചിലവഴിച്ചു.

15–ാം തീയതി രാത്രി ഭക്ഷണത്തിനു മുൻപ് മാസ്റ്റർ തൻെറ മുറിയിൽ ഇരുന്ന് പല വിഷയങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഹൈന്ദവ തത്ത്വശാസ്ത്രത്തിൻെറ നെടുംതൂണുകളായ വേദാന്തങ്ങൾ, ബ്രഹ്മസൂത്രം, ഗീത എന്നിവയെക്കുറിച്ചും പിന്നെ ആയുർവേദം, യുഗങ്ങൾ, സമയത്തിൻെറ പൊതു ധാരണ എന്നിവയെക്കുറിച്ചും അദ്ദേഹം സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ഇഷ്ട വിഷയമായ സയൻസ് ഫിക്ഷനുകളെക്കുറിച്ചും, ഐൻസ്റ്റീനിൻെറ പരീക്ഷണങ്ങളെക്കുറിച്ചും ഐസക് അസിമോവിൻെറ ഫൗണ്ടേഷൻ സീരീസുകളെക്കുറിച്ചും അദ്ദേഹം സംസാരിക്കുകയുണ്ടായി. ഈ യോഗത്തിലെ ചില പ്രധാന ഭാഗങ്ങൾ:

ചിന്തകൾ സ്വമേധയാ നിഷ്പ്രഭാവമാണെന്നും പക്ഷെ അവയ്ക്ക് ശക്തിയുടെ ഉറവിടത്തെ ഉണർത്താൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ പ്രഭാവത്തെ പ്രാർത്ഥനയിലൂടെ ഉണർത്തുന്നതും തൻെറ സ്വന്തം ഊർജ്ജം കൊണ്ട് ഉണർത്തുന്നതും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

പ്രകാശത്തിന് എപ്പോഴും സഞ്ചരിക്കുവാൻ സമയം ആവശ്യമാണ്, സൂര്യപ്രകാശത്തിനു ഭൂമിയിൽ എത്തിചേരാൻ 8 മിനിട്ട് എടുക്കുന്നതു പോലെ, അതു കൊണ്ടു തന്നെ നാം കാണുന്നതെല്ലാം കഴിഞ്ഞു പോയ കാര്യങ്ങളാണ്; ഒന്നും "ഇപ്പോൾ" ഉള്ളതല്ല.

സന്നിഹിതരായിരുന്ന എല്ലാവരെയും ഈ യോഗം അന്തർബോധത്തിൻെറ മറ്റൊരു തലത്തിലേക്ക് നയിച്ചു. 16–ാം തീയതി 4:30–ന് മാസ്റ്റർ ചെന്നൈയിലേക്ക് യാത്ര തിരിച്ചു.

## ചെന്നൈ

ചെന്നൈയിൽ മാസ്റ്റർ വിവിധ ഭരണകാര്യങ്ങളിൽ വ്യാപൃതനായിരുന്നു. ക്രിസ്തുമസ് അവധി ചിലവഴിക്കുന്നതിനായി ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നായി ഏകദേശം 200 അഭ്യാസികൾ മണപ്പാക്കം ആശ്രമത്തിൽ എത്തിച്ചേർന്നിരുന്നു.

ഡിസംബർ 24–ാം തീയതി അദ്ദേഹം ഒരു ക്രിസ്തുമസ് കേക്ക് മുറിച്ചു. അഭ്യാസികൾ ക്രിസ്തുമസ് കരോൾ ഗാനങ്ങൾ ആലപിച്ചു. മാസ്റ്ററോടൊപ്പം കഴിയുന്നത് ക്രിസ്തുവിൻെറ കൂടെ കഴിയുന്നതു പോലെയാണെന്ന് ഒരാൾ അഭിപ്രായപ്പെട്ടപ്പോൾ മാസ്റ്റർ സ്നേഹത്തോടെ മന്ദഹസിച്ചു. ആശ്രമത്തിൽ ഒരു ഉത്സവാന്തരീക്ഷം നിലനിന്നിരുന്നു.

ഡിസംബർ 31–ാം തീയതി മാസ്റ്റർ സ്കോളേർസുമൊത്ത് അൽപ സമയം ചിലവിട്ടു. ഇവർ രണ്ടാഴ്ചയായി ഇന്ത്യയിൽ സമയം ചെലവഴിച്ചു വരികയായിരുന്നു. അവരുടെ രണ്ടാഴ്ചത്തെ ആദ്യ പരിശീലനം ഖരഗ്പൂരിൽ കഴിഞ്ഞതിനുശേഷം അവർ അവരുടെ രണ്ടാമത്തെ യോഗത്തിൽ പങ്കെടുക്കാനായി ചെന്നൈയിൽ എത്തിയതായിരുന്നു.

ജനുവരി 1–ന് അദ്ദേഹം പുതുവത്സരത്തെ സ്വാഗതം ചെയ്തുകൊണ്ട് സത്സംഗം നടത്തി. തുടർന്ന് സഹോ. കമലേഷ് പട്ടേൽ മാസ്റ്ററുടെ ചില പുതിയ പ്രഭാഷണങ്ങൾ അടങ്ങിയ ഡിവിഡികൾ പ്രകാശനം ചെയ്തു.

തൻെറ പുതുവത്സര സന്ദേശത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ, നമ്മൾ കൂടുതൽ പ്രാധാന്യം നൽകേണ്ടത് ഹൃദയത്തിൻെറ വിളിക്കാണ്, തൻെറ ഉള്ളിലെ ശബ്ദത്തിന്. വേണ്ടിവന്നാൽ പുറം ലോകത്തിനു നേരെ കാതുകളടയ്ക്കുക. കണ്ണടയ്ക്കൂ, ശ്രദ്ധിക്കേണ്ട കാര്യമില്ല. ദൈവം നമുക്കു തന്നിട്ടുള്ള പഞ്ചേന്ദ്രിയങ്ങളും ഉപയോഗിച്ച് മുഴുവൻ ശ്രദ്ധയും പുറത്തു നിന്നും അകത്തേക്ക് തിരിച്ചു വിടണം. ഇതു സാധ്യമാകാതെ ആത്മീയത എന്നത് വെറും ഒരു പ്രഭാഷണ വിഷയമായി തീരും, വെറും ഒരു ചർച്ചാ വിഷയം, ഒരു പരിശീലന വിഷയം.. പക്ഷെ നാം അതിനു യാതൊരു ശ്രദ്ധയും നൽകില്ല, അതുകൊണ്ടു തന്നെ നാം എവിടെയാണോ അവിടെ തന്നെയിരിക്കുന്നു."

ജനുവരി 4–നും 8–നും മാസ്റ്റർ നിരവധി വിവാഹങ്ങൾ നടത്തി. അദ്ദേഹം 15–ന് ഡൽഹി വഴി സത്കോലിലേക്ക് തിരിക്കുന്നതായിരിക്കും.

ക്രിസ്തുമസ്



സ്കോളെർസിനൊപ്പം



ചെന്നൈയിൽ പുതുവത്സര ദിനം



ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക

## വരിസംഖ്യകളുടെ പുതിയ നിരക്കുകൾ

### വാർഷിക വരിസംഖ്യകൾ

- ദയവായി എല്ലാ വാർഷിക വരിസംഖ്യകളും ഇനി പറയുന്ന വിലാസത്തിലേക്കയക്കുക: സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ്, ബിഎംഎ, എസ്ആർസിഎം,മണപ്പാക്കം, ചെന്നൈ 600116
- സാമ്പത്തിക വർഷത്തിൻേറതു പോലെ വാർഷിക വരിസംഖ്യ ആരംഭിക്കുന്നത് ഏപ്രിൽ ലക്കവും അവസാനിക്കുന്നത് തുടർന്നുള്ള ജനുവരിയിലും ആയിരിക്കും.1. ദയവായി എല്ലാ വാർഷിക വരിസംഖ്യകളും ഇനി പറയുന്ന വിലാസത്തിലേക്കയക്കുക: സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ്, ബിഎംഎ, എസ്ആർസിഎം,മണപ്പാക്കം, ചെന്നൈ 600116

### ആനുകാലിക പ്രസിദ്ധീകരണങ്ങൾ:

| | |
|---|---|
| കോൺസ്റ്റന്റ് റിമെമ്പ്രൻസ് | Rs. 300 |
| ത്രൈമാസികകൾ | |
| ഹിന്ദി/തമിഴ്/തെലുങ്ക്/കന്നഡ/ഗുജറാത്തി/മലയാളം/ബാംഗ | Rs. 100 |

### ആജീവനാന്ത വരിസംഖ്യ

ദയവായി പൂരിപ്പിച്ച അംഗത്വ ഫോറവും പണവും ഈ വിലാസത്തിലേക്കയക്കുക മാനേജിംഗ് ട്രസ്റ്റീ, സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ്, 'ഡിവൈൻ ബ്ലിസ്സ്', നോർത്ത് ബ്ലോക്ക്–7എ, 2/3, ജഡ്ജസ് കോർട്ട് റോഡ്, കൊൽകത്ത–700027 (പശ്ചിമ ബംഗാൾ), ഇന്ത്യ.


### പുസ്തകങ്ങൾക്കും സിഡികൾക്കുമായുള്ള ആജീവനാന്ത കോർപസ് വരിസംഖ്യ:

| | |
|---|---|
| ഇംഗ്ലീഷ് | Rs. 6,000 |
| ഹിന്ദി | Rs. 4,500 |
| മറാത്തി/തമിഴ്/തെലുങ്ക്/കനഡ/ഗുജറാത്തി/മലയാളം | Rs. 3,000 |
| ഓഡിയോ–വീഡിയോ | Rs. 25,000 |

### ആനുകാലിക കോർപസ് പ്രസിദ്ധീകരണങ്ങൾക്കുള്ള ആജീവനാന്ത വരിസംഖ്യ:

| | |
|---|---|
| കോൺസ്റ്റന്റ് റിമെമ്പ്രൻസ് | Rs. 3,000 |
| ഹിന്ദി – സഹജ്മാർഗ് | Rs. 2,000 |
| ത്രൈമാസിക–തമിഴ്/തെലുങ്ക്/കന്നഡ/ഗുജറാത്തി/മലയാളം | Rs. 1,500 |


## പുതിയ പ്രസിദ്ധീകരണങ്ങൾ





കോൺസ്റ്റന്റ് റിമെമ്പ്രൻസ്
ജനുവരി 2010



സത്യോദയം
(റീപ്രിൻറ്) തമിഴ്





റിവീലിംഗ് ദ പെർസണാലിറ്റി




'ഹിയർ ആൻറ് നൗ'
ഡിവിഡി സെറ്റ്

## ഭൂതകാലത്തിലേക്ക് ഒരു എത്തി നോട്ടം

നമ്മുടെ മിഷൻെറ പുസ്തകങ്ങളിലും മാസികകളിലും അച്ചടിച്ചിട്ടുള്ള ലാലാജി മഹാരാജിൻെറ കാലം മുതലുള്ള ചില സംഭവങ്ങളെയും ഉദ്ബോധനങ്ങളെയും നിങ്ങളുടെ മുന്നിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ഈ പുതിയ പംക്തി ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലക്കത്തിൽ നമ്മുടെ ശ്രദ്ധ 60 വർഷം മുൻപുള്ള കാലത്തിനാണ്, അതായത് 1950–ന് മുൻപുള്ള കാലം. നിങ്ങൾക്കേവർക്കും ഈ പംക്തി ഇഷ്ടപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.



ലാലാജി തൻെറ സഹചാരികളെ കാണുവാനായി വളരെയധികം സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. ഒരുപാടു സാധകന്മാർ അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിൻെറ വസതിയിൽ തങ്ങുകയും ചെയ്യാറുണ്ടായിരുന്നു. അഭ്യാസികൾക്ക് അദ്ദേഹം അയച്ച കത്തുകളിൽ നിന്നും ബ്രിന്ദാവൻ, ഇറ്റഹ്, കാൻപൂർ, മായിൻപൂരി, ഓറൈ എന്നീ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുള്ളതായാണ്. അദ്ദേഹത്തിൻെറ കത്തുകളിൽ നിന്നുമുള്ള ഏതാനും മുത്തുകൾ താഴെ കൊടുക്കുന്നു.

### ഡിസംബർ 1929:

ബാബുജിക്ക് ലാലാജിയിൽ നിന്നും ലഭിച്ച കത്തിലുള്ളത്: "പീഡിപ്പിക്കപ്പെടുന്നത് നല്ലതാണ്. സഹനശക്തിയുടെയും ക്ഷമയുടെയും പാഠശാലയാണ് ഗൃഹം. ഒരു രീതിയിൽ ചിന്തിച്ചാൽ ഇത്തരം കാര്യങ്ങളിൽ കാണിക്കുന്ന ക്ഷമ സ്വയം ക്രൂശിക്കലാണ്. ഇത് മറ്റു തരത്തിലുള്ള പീഡനങ്ങളെക്കാൾ മുന്തിയതുമാണ്. അതുകൊണ്ട് സങ്കടപ്പെടുന്നതിനെക്കാൾ സ്വയം തെറ്റുകാരനാണെന്ന് ചിന്തിക്കുന്നതാണ്, തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിൽപ്പോലും, നല്ലത്."

### ഏപ്രിൽ 1930:

ലാലാജിയിൽ നിന്നും ലഭിച്ച മറ്റൊരു കത്ത്: "അധികംപേരും ആചാരപ്രകാരം പൂജ ചെയ്തുകൊണ്ടേയിരിക്കുന്നു. പക്ഷേ യഥാർത്ഥ വ്യഗ്രതയും, പ്രാണവേദനയും, അസ്വസ്ഥതയും ഇല്ല. അല്ലെങ്കിൽ തീർച്ചയായും അവരുടെ അവസ്ഥ മാറുകയും എല്ലാ ദിവസവും ഒരു പുതിയ ജീവൻ അവരിൽ ആവേശം പകരുകയും ചെയ്യേണ്ടതാണ്."

ഉറവിടം: ഓട്ടോബയോഗ്രഫി ഓഫ് രാം ചന്ദ്ര വാല്യം 1(1899–1932)/ കംപ്ലീറ്റ് വർക്സ് ഓഫ് രാം ചന്ദ്ര വാല്യം 3



## ലക്നൗ ആശ്രമം, മെഡിറ്റേഷൻ ഹാൾ

ലക്നൗവിൽ ഐ.ഐ.എം. റോഡിലുള്ള ബാബുജി മെമ്മോറിയൽ ആശ്രമത്തിൻെറ പണി ആരംഭിച്ചു കഴിഞ്ഞു. 30മീ.X48മീ. വലുപ്പമുള്ള ഈ ഹാളിൽ 3000 അഭ്യാസികളെ ഉൾക്കൊള്ളാൻ സാധിക്കും. ഇരുമ്പിൻെറ ഫ്രെയിമുകൾ ഉപയോഗിച്ചാണ് ഹാൾ നിർമ്മിച്ചിരിക്കുന്നത്.

നവമ്പർ 11 2009 ന് സഹോദരൻ ഉമാശങ്കറാണ് ഇതിന് തറക്കല്ലിട്ടത്. മാർച്ച് 2010 ന് മുമ്പായി ഇതിൻെറ പണി പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

## വാരണാസി

2009 നവമ്പർ രണ്ടിന് വാരണാസിയിൽ സർനാത് എന്ന സ്ഥലത്ത് ലയ യോഗാശ്രമത്തിൻെറ നിർമ്മാണം സഹോദരൻ ഉമാശങ്കർ നിർവ്വഹിച്ചു. ഇതിൻെറ തറക്കല്ല് 2006 ഫെബ്രുവരി 16 ന് തന്നെ പൂജ്യ മാസ്റ്റർ നിർവ്വഹിച്ചിരുന്നു. അഷ്ടകോണാകൃതിയിലുള്ള മെഡിറ്റേഷൻ ഹാളിന് 8000 ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്. ഒരു ദിവസം കൊണ്ട് തന്നെ തൂണുകൾക്കുവേണ്ട മണ്ണു മാറ്റുകയും ഫൗണ്ടേഷൻ പണി ആരംഭിക്കുകയും ചെയ്തു.

## ചിറക്കര, കൊല്ലം, കേരളം

മാസ്റ്ററുടെ തിരുപ്പൂർ സന്ദർശനവേളയിൽ കൊല്ലത്തുള്ള ചിറക്കര ആശ്രമത്തിന് 'തപോവൻ' എന്ന പേര് മാസ്റ്റർ നിർദ്ദേശിച്ചു. 2008 ഫെബ്രുവരി രണ്ടിനു തന്നെ ഇതിൻെറ പ്രവർത്തനം ആരംഭിച്ചിരുന്നു. കൊല്ലത്തുനിന്നുള്ള അഭ്യാസികളും, സമീപ പ്രദേശങ്ങളായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ മുതലായ സ്ഥലങ്ങളിൽനിന്നുള്ള അഭ്യാസികളും ഇവിടെ ഒത്തുകൂടാറുണ്ട്. കൊല്ലത്തുനിന്നും 25 കി.മി. തെക്കു മാറിയും, തിരുവനന്തപുരത്തുനിന്നും 45 കി.മി. വടക്കായും എൻ.എച്ച്. 47 ൽ ആയിട്ടാണ് ഈ ആശ്രമം സ്ഥിതി ചെയ്യുന്നത്.

വൃക്ഷനിബിഢമായ ഈ ആശ്രമത്തിനു ചുറ്റും തെങ്ങുകളും മരങ്ങളും ധാരാളമായിട്ടുണ്ട്. നെൽപ്പാടങ്ങളുടെ മനോഹാരിതയും ഇവിടെ നിന്ന് ആസ്വദിക്കാവുന്നതാണ്. നിർമ്മലജലം അനർഗ്ഗളമായി പ്രവഹിക്കുന്ന ഒരു അരുവി ആശ്രമത്തിനു തൊട്ടു മുമ്പിൽ തന്നെയുണ്ട്. പ്രാദേശികമായ ആഘോഷങ്ങൾക്ക് ഏതാണ്ട് 150 അഭ്യാസികൾ വരെ ഒത്തുചേരാറുണ്ട്. മാസത്തിലെ ആദ്യത്തെ ഞായറാഴ്ച മുഴുവൻ ദിന പരിപാടി ആയിരിക്കും. കുട്ടികൾക്കുവേണ്ടി വി.ബി.എസ്.ഇ. പ്രോഗ്രാമും ഇവിടെ നടത്താറുണ്ട്. മാസ്റ്ററുടെ ആത്മീയസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ഈ 'തപോവന'ത്തിലേക്ക് എല്ലാവർക്കും സ്വാഗതം.

## സോണൽ ആശ്രമം, ഗോരക്പൂർ

2009 ഡിസമ്പർ 2ന് സഹോദരൻ ഉമാശങ്കർ ആശ്രമത്തിന് തറക്കല്ലിട്ടു. ഈ മംഗളമുഹൂർത്തത്തിൽ ഗോരക്പൂരിലെയും സമീപ കേന്ദ്രത്തിലേതുമായ 150 ഓളം അഭ്യാസികൾ സന്നിഹിതരായിരുന്നു. അടുത്ത ബസന്ത് ഉത്സവത്തിന് മെഡിറ്റേഷൻ ഹാൾ തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സഗൗൺ മരങ്ങളടങ്ങിയ ഖുഷ്മി വനത്തിന് മുൻവശത്തായാണ് ഈ മനോഹരമായ ആശ്രമത്തിനു തിരഞ്ഞെടുത്ത സ്ഥലം.

ആശ്രമങ്ങൾ പ്രകാശ കേന്ദ്രങ്ങളാണെന്നും, അവിടെ എല്ലാവർക്കും മാസ്റ്ററുടെ സാന്നിദ്ധ്യം അനുഭവിച്ചറിയാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. സന്നദ്ധസേവനത്തിന് എല്ലാവരും മുന്നോട്ട് വരണമെന്നും അദ്ദേഹം വിനീതമായി അഭ്യർത്ഥിച്ചു. 'സേവിക്കുമ്പോൾ നിങ്ങളും സേവിക്കപ്പെടും' എന്ന് അദ്ദേഹം മാസ്റ്ററെ ഉദ്ധരിച്ചു.

ലക്നൗ



വാരണാസി



ചിറക്കര



## യുവാക്കളുടെ പ്രോഗ്രാം –ഹുബ്ലി, ഉത്തര കർണാടക



25.10.2009 ന് യുവാക്കൾക്കുവേണ്ടി ദൃശ്യ ശ്രവണ മാദ്ധ്യമങ്ങളുടെ സഹായത്താൽ ഒരു പരിപാടി നടത്തുകയുണ്ടായി. പതിനഞ്ചോളം വരുന്ന ചെറുപ്പക്കാരായ അഭ്യാസികൾ അവരുടെ 25 ഓളം സുഹൃത്തുക്കളെ ഈ പരിപാടിക്കു കൊണ്ട് വരികയുണ്ടായി.

പ്രത്യേകവിഷയങ്ങളിൽ യുവാക്കളെ ഉദ്ബുദ്ധരാക്കുക എന്നതായിരുന്നു പരിപാടിയുടെ ഉദ്ദേശം. നേതൃത്വ പരിശീലനം, ശ്രവണം എന്ന കല, വ്യക്തിത്വ വികസനം, സ്വഭാവരൂപീകരണം, ബന്ധങ്ങൾ, മാതൃകയാവുക, ആശയവിനിമയം, അഭിലാഷവും അഭിവാഞ്ചയും, ധ്യാനത്തിലൂടെ മനസ്സിനെ ചിട്ടപ്പെടുത്തുക എന്നിവയായിരുന്നു വിഷയങ്ങൾ.

വേണ്ട സമയങ്ങളിൽ മാസ്റ്ററുടെ സംഭാഷണങ്ങൾ കേൾപ്പിക്കുകയും കാണിക്കുകയും ചെയ്തിരുന്നു. മാതാപിതാക്കളോടും സമൂഹത്തോടും എല്ലാത്തിനുമുപരി തങ്ങളോടും ഒരു ഉത്തരവാദിത്തബോധം ഉണ്ടാക്കുവാൻ ഈ പരിപാടിയിലൂടെ ഒരു ശ്രമം നടത്തുകയുണ്ടായി. ഭാവിയിലെ വെല്ലുവിളികളെ നേരിടുവാനുള്ള കരുത്ത് വർദ്ധിപ്പിക്കുവാൻ പ്രോഗ്രാം സഹായിച്ചു.

ജനുവരി 2010 വാല്യം 3 ലക്കം 1

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



## പ്രിഫക്റ്ററുകളുടെ പരിശീലനം

അടുത്ത കാലത്തു നടത്തിയ എല്ലാ ട്രെയിനിംഗ് പ്രോഗ്രാമുകളും മാസ്റ്ററുടെ സാന്നിദ്ധ്യത്തിലാണ് നടന്നത്. മാസ്റ്ററുടെ സത്സംഗങ്ങളും പ്രഭാഷണങ്ങളും പരിപാടിക്ക് നവജീവൻ നൽകി. ഇത് പങ്കെടുത്ത എല്ലാവർക്കും ഉത്തേജനവും ശക്തിയും പകർന്നു.

### ഗുജറാത്ത്



ഗുജറാത്തിൽനിന്നും 70 പ്രിസപ്റ്റർമാർ മാസ്റ്ററുടെ തിരുപ്പൂർ സന്ദർശനസമയത്ത് തിരുപ്പൂരിൽ എത്തിചേർന്നു. അവർ ഡിസമ്പർ 10 മുതൽ 14 വരെ മാസ്റ്ററുടെ കൂടെ തിരുപ്പൂരും, കോയമ്പത്തൂരും, മലമ്പുഴയിലുമായി ചിലവഴിച്ചു. അദ്ദേഹം എല്ലാ ദിവസവും അഭ്യാസികൾക്ക് മൂന്നു സിറ്റിംഗ് വീതം നൽകിയിരുന്നു. ഒരു നല്ല അഭ്യാസിക്കുവേണ്ട ഗുണങ്ങളെപ്പറ്റി മാസ്റ്റർ പറഞ്ഞതിങ്ങനെയാണ്:

- ശ്രദ്ധ അകത്തേക്ക് തിരിക്കുക
- മറ്റുള്ളവരെ മനസ്സിലാക്കുന്നതിന് ശ്രദ്ധാപൂർവം ശ്രവിക്കുക
- മറ്റുള്ളവരെ കുറ്റം പറയാതെ അവരിൽനിന്നും പഠിക്കുവാൻ ശ്രമിക്കുക
- എന്തു ചെയ്യുന്നതിലും ക്ഷമ കാണിക്കുക

### കർണ്ണാടക

2009 ഡിസമ്പർ 5ന് 140 പ്രിസപ്റ്റർമാർ പങ്കെടുത്ത ക്രെസ്റ്റിലെ മീറ്റിംഗിൽ മാസ്റ്റർ സംസാരിച്ചു. സഹജമാർഗ പരിശീലനത്തിലെ കുറവ് മാസ്റ്റർ ഉയർത്തികാണിച്ചു. ഭക്തിയുടെ അഭാവവും, പുതിയ കേന്ദ്രങ്ങളിൽ പോയി മിഷന്റെ ധമനികളെന്ന പോലെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാസ്റ്റർ ഊന്നിപറഞ്ഞു.



### ആന്ധ്രപ്രദേശ്

ഡിസമ്പർ 25 മുതൽ 27 വരെ ചെന്നൈയിലെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വെച്ച് ആന്ധ്രയിൽ നിന്നുള്ള പ്രിസപ്റ്റർമാർക്കു വേണ്ടി ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.

രാഷ്ട്രീയ കാരണങ്ങൾ കാരണം യാത്രാബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും, 180 ഓളം പ്രിസപ്റ്റർമാർ ഈ മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി.

പ്രിസപ്റ്റർമാരുടെ ജോലിയെക്കുറിച്ചും 'വിസ്പേർസ്', സഹജമാർഗം -ഒരു ജീവനരീതി മുതലായ വിഷയങ്ങളെക്കുറിച്ചും പ്രഭാഷണങ്ങൾ ഉണ്ടായി. അതിനിടയിൽ ചർച്ചകൾക്കും, ആത്മാവലോകനങ്ങൾക്കും സമയം കണ്ടെത്തി. ഞായറാഴ്ച ദിവസം എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു മണിക്കൂർ സമയം മാസ്റ്റർ അവരുടെ കൂടെ ചിലവഴിച്ചു. മാസ്റ്ററുടെ പ്രഭാഷണവും,സത്സംഗവും ഉണ്ടായി.

### മഹാരാഷ്ട്ര



നവമ്പർ 13 മുതൽ 16 വരെ പൂനെ കേന്ദ്രത്തിൽ വെച്ച് മഹാരാഷ്ട്രയിലെ പ്രിസപ്റ്റർമാരുടെ ഒരു സെമിനാർ നടത്തുകയുണ്ടായി. 'ആദ്യം ഒരഭ്യാസി', 'കൃത്യമായ സാധനയുടെ പ്രാധാന്യം', 'അഭ്യാസികൾക്ക് സിറ്റിംഗ് നൽകേണ്ടതിന്റെ ആവശ്യകത', 'മിഷൻ പ്രവർത്തനങ്ങളും പ്രസിദ്ധീകരണങ്ങളും', എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. പുതിയതായി തയ്യാറാക്കപ്പെട്ട പ്രിസപ്റ്റർമാർ അർപ്പണ ബോധത്തോടും വിശ്വാസത്തോടും കൂടി ജോലി ചെയ്യുന്നതിനുവേണ്ട പ്രചോദനം ഉൾക്കൊണ്ടാണ് തിരിച്ചു പോയത്.

## മുംബൈയിൽ നടന്ന തുറന്ന സദസ്സ്, മഹരാഷ്ട്ര

മുംബൈയിലെ അണുശക്തിനഗർ നിവാസികൾക്കുവേണ്ടി നവമ്പർ 8 2009 ന് ശ്രീ രാം ചന്ദ്ര മിഷൻ ഒരു തുറന്ന സദസ്സ് ഒരുക്കി. ഇതിൽ ഏകദേശം 120 വ്യക്തികൾ പങ്കെടുത്തു. ശ്രീ രാം ചന്ദ്ര മിഷനെക്കുറിച്ചും സഹജമാർഗ ധ്യാനത്തെക്കുറിച്ചും സിസ്റ്റർ ധാരേശ്വരിന്റെ ഒരു ചെറു വിവരണത്തോടുകൂടിയാണ് യോഗം ആരംഭിച്ചത്. വൈകുന്നേരത്തേക്കുള്ള വിഷയം "ആത്മാവിഷ്കാരത്തിന്റെ ശാസ്ത്രം-സ്വാഭാവികമായ വഴി" എന്നതായിരുന്നു.

സഹോദരൻ എ.പി. ദുരൈ, ജോയന്റ് സെക്രട്ടറി, എസ്.ആർ.സി.എം. ധ്യാനത്തിന്റെ ആവശ്യകതയെക്കുറിച്ചും, ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ രണ്ടു വശങ്ങൾ സന്തുലിതമാക്കുന്നതിന്റെ സാംഗത്യത്തെക്കുറിച്ചും സംസാരിച്ചു.

സഹജമാർഗത്തിൽ താൻ എങ്ങനെ എത്തിച്ചേർന്നു എന്നും, അത് ജീവിതത്തെ എങ്ങനെ മാറ്റി മറിച്ചു എന്നതിനെക്കുറിച്ചും സഹോ. ഭാട്ടിയ സംസാരിച്ചു. ആരോഗ്യപരവും, വൈയക്തികവുമായ പ്രശ്നങ്ങൾക്ക് സഹജമാർഗത്തിൽ പരിഹാരമുണ്ടോ എന്നായിരുന്നു ചില ശ്രോതാക്കൾക്ക് അറിയേണ്ടിയിരുന്നത്.

"ഇൻസ്റ്റന്റ് ലിബറേഷൻ" എന്ന മാസ്റ്ററുടെ വീഡിയോ പ്രദർശനം അതിനുശേഷം ഉണ്ടായി. പ്രകടമായ സ്വാധീനം ശ്രോതാക്കളിൽ ഈ വീഡിയോക്ക് വരുത്തുവാൻ സാധിച്ചു. 22 പേർ ഉടൻ തന്നെ പരിശീലനം ആരംഭിക്കുവാൻ തയ്യാറായി.

ജനുവരി 2010 വാല്യം 3 ലക്കം 1

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക


ജയ്പൂർ



ഭോപ്പാൽ


ഇന്തോർ

## അഭ്യാസി പരിശീലന പരിപാടി

2009 നവമ്പർ 22 ന് പുതിയ അഭ്യാസികൾക്കായി ഒരു പരിശീലന പരിപാടി ജയ്പൂർ സെൻററിൽ നടത്തി. സാധനയുടെ വിവിധ വശങ്ങളെസംബന്ധിച്ച പ്രഭാഷണങ്ങളും ചോദ്യോത്തരങ്ങളും ഉണ്ടായിരുന്നു. പങ്കെടുത്ത 30 ഓളം പുതിയ അഭ്യാസികൾക്ക് ഈ പരിപാടി ഉപയോഗപ്രദമായി എന്ന അഭിപ്രായമായിരുന്നു. തുടക്കക്കാർക്ക് ഇത്തരം പരിപാടികളിലൂടെ മിഷനെപ്പറ്റിയും അതിൻെറ പ്രവർത്തനത്തെപ്പറ്റിയും അറിയാൻ ഉപകരിക്കുമെന്ന അഭിപ്രായവും അവർ പ്രകടിപ്പിച്ചു.

2009 നവമ്പർ 27 മുതൽ 29 വരെ ഭോപ്പാൽ ആശ്രമത്തിലെ അമ്പതോളം അഭ്യാസികൾക്കായി ഒരു പരിശീലനപരിപാടി നടത്തി. സാധനയക്കുറിച്ച് പങ്കെടുത്തവർക്കുണ്ടായിരുന്ന സംശയങ്ങൾ വിവിധ പ്രഭാഷണങ്ങളിലൂടെയും ചോദ്യോത്തര പരിപാടികളിലൂടെയും ദുരീകരിച്ചു.
സാഹോദര്യത്തിൻെറയും യോജിപ്പിൻെറയും അന്തരീക്ഷത്തിൽ നടന്ന ഈ പരിപാടിയിൽ പങ്കെടുത്ത എല്ലാവരും തങ്ങളുടെ സാധന നിരന്തരമാക്കുമെന്ന ഉറച്ച അഭിപ്രായത്തോടെയാണ് തിരിച്ചുപോയത്.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അഭ്യാസികൾക്കുവേണ്ടി 2009 നവമ്പർ 29ന് റാഞ്ചി സെൻററിൽ എ.ടി.പി. നടത്തി. എസ്.എം.ആർ.ടി.ഐ രൂപകൽപന ചെയ്ത ഓഡിയോ/ വീഡിയോ തുടങ്ങിയവയുടെ സഹായത്താൽ സഹോ. തിവാരി, സഹോ. ലാൽ, സഹോ. തനേജ, സഹോ. സാഹു, സഹോ. മിശ്ര, സഹോദരി തിവാരി തുടങ്ങിയവരാണ് ഈ പരിപാടി നയിച്ചത്. മാസ്റ്ററുടെ പ്രഭാഷണങ്ങൾ മിഷനെപ്പറ്റിയും സാധനയെപ്പറ്റിയും കൂടുതൽ ധാരണയുണ്ടാക്കുന്നതിനായി പങ്കെടുത്തവർക്ക് സഹായകമായി.

2009 ഡിസമ്പർ 6ന് മദ്ധ്യപ്രദേശിലെ ഇന്തോർ സെൻററിൽ അഭ്യാസികൾക്ക് തങ്ങളുടെ അനുഭവങ്ങൾ വിശദീകരിക്കുവാൻ അവസരം ലഭിച്ചു. മാസ്റ്ററുടെ കൂടെ അടുത്തിടെ യാത്ര ചെയ്യുവാൻ സാധിക്കുകയും ധാരാളം അഭ്യാസി പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും ചെയ്ത അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ എല്ലാവരുമായി പങ്കുവെച്ചു. ക്രെസ്റ്റ് ബാംഗളൂരിൽ പരിശീലനം നടത്താനായ ബ്ര.ആപ്റ്റെ പരിപാടിയെപ്പറ്റി വിശദീകരിക്കുകയും എല്ലാവരെയും ആ പരിപാടിയിൽ പങ്കെടുക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. മാസ്റ്ററോടൊപ്പം ഗാങ്ടോക്കിലേക്ക് യാത്ര ചെയ്യാൻ അവസരം ലഭിച്ച ബ്ര. മുണ്ട്രെ ആ യാത്രയിലെടുത്ത ഫോട്ടോകൾ പങ്കുവെച്ചു. ഇത്തരം സ്ഥലങ്ങൾ സന്ദർശിക്കുവാൻ മാസ്റ്റർ കാണിക്കുന്ന ഔത്സുക്യം അദ്ദേഹം വിവരിച്ചു. സന്ദർശന വേളയിൽ മാസ്റ്റർ പറഞ്ഞ തമാശ നിറഞ്ഞതും അതേ സമയം അർത്ഥവത്തായതുമായ മൊഴിമുത്തുകൾ അദ്ദേഹം പങ്കുവെച്ചു.മാസ്റ്ററോടൊപ്പം ഖരഗ്പൂർ ക്രെസ്റ്റിൽ ചിലവഴിക്കാനായ അവസരത്തിൽ മാസ്റ്റർ ചെയ്ത പ്രഭാഷണങ്ങൾ ബ്ര. രവേർക്കർ വിശദീകരിച്ചു. ഇത്തരത്തിൽ വിശദീകരിച്ച അനുഭവങ്ങൾ കേൾവിക്കാരായ അഭ്യാസികളിൽ ആഹ്ലാദമുളവാക്കി.

ഗുജറാത്തിലെ ഭുജ് സെൻററിൽ നവമ്പർ 15 ന് അര ദിവസത്തെ പരിശീലനപരിപാടിയിൽ 21 അഭ്യാസികൾ പങ്കെടുത്തു. പരിശീലനം നിർത്തിവെച്ചിരുന്ന ചില അഭ്യാസികൾ കൂടി പങ്കെടുത്ത ഈ പരിപാടിയിൽ സാധനയെ സംബന്ധിച്ച വിഷയങ്ങളാണ് കൈകാര്യം ചെയ്തത്. നാരദനെപ്പറ്റി, സത്സംഗിൻെറ പ്രാധാന്യം വിഷയമാക്കിയ ഒരു ലഘു നാടകം അഭ്യാസികൾ അരങ്ങേറി. സംശയദൂരീകരണത്തിന് സഹായകമായ ഈ പരിപാടിയിൽ സംബന്ധിച്ച അഭ്യാസികൾ ഉത്സുകരായാണ് മടങ്ങിയത്.

നവമ്പർ 14,15 തിയതികളിൽ അര ദിവസത്തെ ഒരു യൂത്ത് പരിശീലനപരിപാടി വഡോദരയിൽ നടന്നു. 35 ഓളം അഭ്യാസികൾ പങ്കെടുത്ത ഈ സെമിനാർ 5 ഭാഗങ്ങളായാണ് നടത്തിയത്. സഹജമാർഗ സാധന, യുവാക്കൾക്ക് മിഷനിലുള്ള പങ്ക്, സാഹോദര്യം ഊട്ടിയുറപ്പിക്കേണ്ടതിൻെറ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. പങ്കെടുത്തവർക്ക് ഈ പരിപാടി ഉപകാരപ്രദവും വിജ്ഞാന പ്രദവുമായി.

2009 നവമ്പർ 15 ന് ചിത്രദുർഗ, കരൂർ, ഹരിഹര, ഭദ്രാവതി തുടങ്ങിയ സെൻററുകളിലെ 70 അഭ്യാസികൾക്കായി ധാവൻഗരെ സെൻററിൽ വെച്ച് ഒരു പരിശീലനപരിപാടി സംഘടിപ്പിച്ചു.

ബ്ര. ആർ. രമണി, ബ്ര. നാഗേഷ്, സിസ്റ്റർ ഇന്ദിര പ്രസാദ്, സിസ്റ്റർ സുജാത തുടങ്ങിയവർ സന്നിഹിതരായിരുന്നു. പരിപാടിയുടെ ആദ്യഭാഗമായി അഭ്യാസികളെ നാലു ഭാഗങ്ങളായി തിരിച്ച്, ഓരോ വിഷയങ്ങളെ അധികരിച്ച് ചർച്ച നടത്തി. ചർച്ചയുടെ അവസാനം ഓരോ ഗ്രൂപ്പും ചർച്ച ചെയ്ത വിഷയത്തെക്കുറിച്ച് വിശദീകരിച്ചു. ഈ വിഷയങ്ങളെക്കുറിച്ച് അഭ്യാസികൾക്കുണ്ടായ സംശയങ്ങൾ പരിശീലകർ ദുരീകരിച്ചു.

ഓരോരുത്തരുടെയും ആദ്ധ്യാത്മിക പുരോഗതിയിൽ മാസ്റ്റർ വഹിക്കുന്ന പങ്കിനെക്കുറിച്ചും എപ്രകാരം നമ്മൾ അദ്ദേഹത്തോട് സഹകരിക്കണമെന്നതിനെക്കുറിച്ചും ബ്രദർ ശ്രീനിവാസ് രണ്ടാമത്തെ വിഭാഗത്തിൽ വിശദീകരിച്ചു.
അഭ്യാസികളുടെ സ്വഭാവത്തെയും മനോഭാവത്തെയും അധികരിച്ച് കുട്ടികൾ ഒരു നാടകം അവതരിപ്പിച്ചു. പങ്കെടുത്ത എല്ലാ അഭ്യാസികൾക്കും വിജ്ഞാനപ്രദമായ ഈ പരിപാടി സന്തോഷം നിറഞ്ഞ അന്തരീക്ഷമുളവാക്കി.


റാഞ്ചി


ഭുജ്


ധാവൻഗരെ

ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക

## വി.ബി.എസ്.ഇ. പരിപാടികൾ



ഹോഷങ്കാബാദ്

കഴിഞ്ഞ രണ്ടു വർഷത്തോളമായി, ഹോഷങ്കാബാദ് സെൻററിലെ സേവാ സ്കൂളിൽ വി.ബി.എസ്. ഇ സിലബസ് പ്രകാരം മൂല്യബോധനത്തിന് ഒരു പിരിയഡ് മാറ്റി വെച്ചിട്ടുണ്ട്. ഈ വർഷത്തേക്കുള്ള ആസൂത്രണങ്ങളുടെ ഭാഗമായി സ്കൂൾ അധികൃതർ മൂല്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുവാനായി തീരുമാനിച്ചതനുസരിച്ച് വി.ബി.എസ്.ഇ കോ-ഓർഡിനേറ്റർമാരെ സഹായത്തിനായി ബന്ധപ്പെട്ടു. 'സന്തോഷം' എന്നതിനെക്കുറിച്ച് ഒരു ചെറു നാടകം, പാട്ടുകൾ, ഡാൻസ്, എന്നിവയും വളണ്ടിയർ ടീം ഒരുക്കി. ഈ പരിപാടി വീക്ഷിക്കാനായി മാതാപിതാക്കളും സന്നിഹിതരായിരുന്നു. ഈ പരിപാടിയിലൂടെയുള്ള സന്ദേശം ധാരാളം പേർക്ക് ലഭ്യമായി.

മൂല്യാധിഷ്ടിത വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനാൽ ഈ സ്കൂൾ ധാരാളം മാതാപിതാക്കളെ ആകർഷിക്കുന്നുണ്ട്. ഇപ്രകാരം അവർ നമ്മുടെ മാസ്റ്ററെ സേവിക്കുന്നു.

### ഉറുസിലിൻ കോൺവെൻറ്, റാഞ്ചി



സമയത്തിൻെറ വിലയെക്കുറിച്ചും സമയമെങ്ങിനെ ഉപയോഗപ്പെടുത്തണമെന്നതിനെക്കുറിച്ചും, മനുഷ്യജീവിത ലക്ഷ്യത്തെക്കുറിച്ചും നവമ്പർ 5 ന് 900 ത്തിലധികം വിദ്യാർത്ഥികൾ ഒരു മണിക്കൂർ നിണ്ട പരിപാടികൾ ശ്രവിച്ചു. കുട്ടികൾക്ക് മിഷൻ പ്രാർത്ഥന പരിചയപ്പെടുത്തി കൊടുത്തു.

തങ്ങളുടെ മനസ്സിൽ മുദ്രണം ഉണ്ടാകാതിരിക്കാനായി പ്രവർത്തികൾക്കുശേഷം അവ മറക്കുകയാണ് വേണ്ടതെന്ന് കുട്ടികളെ ഉപദേശിച്ചു. ശീലങ്ങളുണ്ടാകുന്നതെങ്ങിനെയെന്നും നല്ലതാണെങ്കിലും ചീത്തയാണെങ്കിലും അവ നമ്മളെ എങ്ങനെയാണ് അടിമപ്പെടുത്തുന്നതെന്നും വിശദീകരണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അവരെ മനസ്സിലാക്കിച്ചു.

നാല് 'ഡി' കൾ ഉപയോഗിച്ചുകൊണ്ട് എങ്ങനെ സമയം നന്നായി വിനിയോഗിക്കാമെന്ന് ബ്രദർ അരുൺ കുമാർ വിശദീകരിച്ചു. ചെയ്യേണ്ട പ്രവർത്തികളെ നാലു കുട്ടയിലാക്കാൻ അദ്ദേഹം കുട്ടികളോട് ആവശ്യപ്പെട്ടു. മറ്റുള്ളവരെകൊണ്ട് ചെയ്യിക്കേണ്ട ജോലികൾ ഒന്നാമത്തെ കുട്ടയിലും, വൈകിക്കാവുന്ന ജോലികൾ രണ്ടാമത്തെ കുട്ടയിലും, ഒഴിവാക്കേണ്ടവ മറ്റൊന്നിലും. അവശ്യം ചെയ്തു തീർക്കേണ്ട ബാക്കിയുള്ളവ ഒട്ടും സമയം കളയാതെ ഉടനെ ചെയ്യുവാൻ അദ്ദേഹം കുട്ടികളോട് ആവശ്യപ്പെട്ടു.

അവസാന വിഭാഗത്തിൽ ചോദിച്ച ചോദ്യങ്ങളിൽനിന്ന് കുട്ടികകൾക്കും സ്കൂൾ അധികൃതർക്കും ഈ പരിപാടി ഇഷ്ടപ്പെട്ടു എന്നു മനസ്സിലാക്കാനായി.

### ഫരാക്ക, പശ്ചിമ ബംഗാൾ

സഹോ വിജയകുമാറും ഡിപിഎസ് പ്രിൻസിപാൾ സഹോ സുബ്രമണ്യകുമാറും കൂടി വി,ബി. എസ്. ഇ. പരിപാടി സംഘടിപ്പിച്ചു. ഈ പരിപാടി രണ്ടു ദിവസമായാണ് നടത്തിയത്. ഡിസമ്പർ 11ന് 6–8 ക്ലാസ്സുകളിൽ പഠിക്കുന്ന ഉദ്ദേശം 300 കുട്ടികൾക്ക് ആദ്യ സെഷനിലും, 9–11 ക്ലാസ്സുകളിൽ പഠിക്കുന്ന 200 കുട്ടികൾക്ക് രണ്ടാമത്തെ സെഷനിലുമായി ഈ പരിപാടി നടത്തി. 12 ന് നടത്തിയ അദ്ധ്യാപകർക്കായുള്ള സെഷനിൽ 57 അദ്ധ്യാപകരും 3 പ്രിൻസിപ്പാൾമാരും പങ്കെടുത്തു.

പരീക്ഷണങ്ങളിലൂടെയും കഥകളിലൂടെയും കുട്ടികൾക്ക് മൂല്യബോധമുണ്ടാക്കാൻ ശ്രമിച്ചു. പങ്കെടുത്ത അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ പരിപാടി ആസ്വാദ്യകരമായി. പരിപാടിയുടെ അവസാനം കുട്ടികളോട്, അവർ അദ്ധ്യാപകരാണെന്ന് വിചാരിച്ചുകൊണ്ട് കുട്ടികളിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നും അതുപോലെ അദ്ധ്യാപകരോട്, കുട്ടികളെന്ന നിലയിൽ അദ്ധ്യാപകരിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നും എഴുതാൻ ആവശ്യപ്പെട്ടു.

അദ്ധ്യാപകർക്കായി അടുത്ത ദിവസം നടത്തിയ പരിപാടിയിൽ കുട്ടികളിൽനിന്നുള്ള ഈ പ്രതികരണം അവരെ അറിയിച്ചു. അദ്ധ്യാപകരോട്, അവർ കുട്ടികളിലുള്ള കഴിവുകളെ പുറത്തുകൊണ്ടുവരാൻ വേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്നുവോ എന്നും, അല്ലാതെ ശമ്പളത്തിനുവേണ്ടി മാത്രമാണോ ജോലി ചെയ്യുന്നതെന്നും ചിന്തിക്കണമെന്ന് ആവശ്യപ്പെട്ടു. എന്തുകൊണ്ടാണ് നാം ചുരുക്കം ചില അദ്ധ്യാപകരെ മാത്രം ഓർക്കുന്നതെന്നും കുട്ടികൾക്ക് മാതൃകയായി മാറാൻ അവർക്ക് കഴിയുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു.

എല്ലാ അദ്ധ്യാപകരും ഈ പരിപാടിയിൽ തൃപ്തരാവുകയും, ഇത്തരം പരിപാടികൾ വീണ്ടും നടത്തണമെന്നും ധ്യാനത്തിനായി ഒരു സെഷൻ വേണമെന്നും അവർ ആവശ്യം പ്രകടിപ്പിക്കുകയും ചെയ്തു.

### ഹുബ്ലി

നവമ്പർ 10 ന് ഹുബ്ലി സെൻററിൽ രാവിലെ 10 മുതൽ വൈകീട്ട് 6 വരെ ഒരു പരിപാടി സംഘടിപ്പിച്ചു. ബാംഗ്ലൂർ സെൻററിലെ സിസ്റ്റർ. മാധുരിയും സിസ്റ്റർ സരോജയും ഈ പരിപാടി നടത്തി. 41 അദ്ധ്യാപകരും 15 അഭ്യാസികളും ഇതിൽ പങ്കെടുത്തു.

സിസ്റ്റർ മാധുരി മൂല്യങ്ങൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും, ബ്രദർ കാമത്ത് മൂല്യങ്ങളുടെ ആവശ്യകതയെപ്പറ്റിയും വിശദീകരിച്ചു. കുഞ്ഞുങ്ങൾക്ക് പ്രായമാകും തോറും വിശ്വാസങ്ങളിൽ വരുന്ന മാറ്റങ്ങളെപ്പറ്റി വിശദീകരിച്ചു. അവർ 4–7 പ്രായത്തിൽ അദ്ധ്യാപകരെ എങ്ങനെ പിന്തുടരുന്നു എന്നും അതിനുശേഷം അവരിൽ എങ്ങനെ വിശകലനം ചെയ്യുവാനുള്ള പ്രവണത ഉടലെടുക്കുന്നുവെന്നും അവർ വിശദീകരിച്ചു. ഒരു അദ്ധ്യാപകൻ ക്ലാസ്സിൽ പ്രവേശിക്കുന്നത് മൂന്ന് ഭാവങ്ങളോടെയാണ്. ശാരീരികം, മാനസികം, വൈകാരികം എന്നിവയാണവ. അപ്രകാരം തന്നെയാണ് ഒരു കുട്ടി ക്ലാസ്സ് മുറിയിലേക്ക് പ്രവേശിക്കുന്നതും. കുട്ടികൾക്ക് അദ്ധ്യാപകൻെറ ഭാവം ഒരു മുതിർന്ന ആളേക്കാൾ പെട്ടെന്ന് അളക്കാനാവും.

ഹൃദയം വികസിക്കുവാനും, സഹകരണം കൊടുക്കുവാനും ലഭിക്കുവാനും സാദ്ധ്യമാകുന്ന ചില കളികൾ നടത്തി. ക്ലിപ്പ്, കണ്ണാടി, പേന തുടങ്ങിയവ അദ്ധ്യാപകർക്ക് നൽകി അവയുടെ മൂല്യമെന്തെന്ന് നിർണ്ണയിക്കാൻ അവരോട് ആവശ്യപ്പെട്ടു. തങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളെമൂല്യങ്ങളുമായി എങ്ങനെ കൂട്ടിയിണക്കാമെന്ന് അദ്ധ്യാപകരോട് ആലോചിക്കുവാൻ ആവശ്യപ്പെട്ടു. പരസ്പരം ബന്ധപ്പെട്ട് ഇടപഴകിയ ഈ സെഷനിൽ എല്ലാവരും പങ്കെടുത്തു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ബാംഗ്ലൂരിൽ അനുഭവങ്ങൾ പങ്കിടൽ

2009 ഡിസമ്പർ 20 ന് പരംധാം ആശ്രമത്തിൽ സത്സംഗത്തിനുശേഷം



ഒരു പരിപാടി നടത്തി. അൽപദിവസങ്ങൾക്കുമുമ്പു മാസ്റ്റർ ബാംഗ്ലൂരിൽ വന്നപ്പോൾ അഭ്യാസികൾക്കുണ്ടായ അനുഭവങ്ങൾ പങ്കിടുകയായിരുന്നു അവർ ഈ പരിപാടിയിൽ ചെയ്തത്. താഴെ കൊടുത്ത ചില കാര്യങ്ങളാണ് ചർച്ചാ വേളയിൽ ഉയർന്നു വന്നത്.

- മാസ്റ്ററുടെ പ്രവർത്തനങ്ങളെല്ലാം ഹൃദയത്തിൽനിന്നും ഹൃദയത്തിലേക്കാണ്. ഓരോ ഹൃദയവും അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമങ്ങളും ദുരിതങ്ങളും അദ്ദേഹത്തിനറിയാം. അതിൽ അദ്ദേഹവും അനുതപിക്കുന്നുണ്ട്. നാം നമ്മുടെ ഹൃദയത്തെ അദ്ദേഹത്തിനു മുന്നിൽ തുറന്നു വെക്കണമെന്നു മാത്രം.
- "നിങ്ങൾ ഉള്ളിൽ എന്താണോ അതു തന്നെ പുറത്തും ആയിരിക്കുക" എന്നതാണ് മാസ്റ്റർ പറയുന്നത്.അദ്ദേഹത്തിൻെറ പെരുമാറ്റത്തെ നാം നിരീക്ഷിച്ച് ഇതെങ്ങനെ നടപ്പിലാക്കാമെന്നു പഠിക്കണം.
- മാസ്റ്ററുടെ ഓരോ സന്ദർശനവും അഭ്യാസികൾക്ക് ക്ഷമ വളർത്താനുള്ള അവസരമാണ്. അതിനാൽ മാസ്റ്ററുടെ ഓരോ സന്ദർശനവും നമുക്ക് കാത്തിരിപ്പിനുള്ള പരിശീലനം തരുന്നവയാണ്.
- നമ്മുടെ ആത്മീയ പരിശീലനത്തിൽ വളർച്ച നേടാൻ സഹായിക്കുന്ന അവസരങ്ങളാണ് മാസ്റ്ററുടെ ഓരോ സന്ദർശനങ്ങളും.

പല അനുഭവങ്ങളും വാർത്തകളിൽ വിവരിക്കാൻ പറ്റാത്തവയാണ്. ഇവയെല്ലാം നാം ഹൃദയാന്തരത്തിൽ സൂക്ഷിക്കുകയും മാസ്റ്ററോടുള്ള കൃതജ്ഞതയും സ്നേഹവും വളർത്തിയെടുക്കാൻ ഉപയോഗിക്കുകയും വേണം.

## കൊൽക്കത്ത ആശ്രമത്തിൻെറ വാർഷിക ആഘോഷം

ഡിസമ്പർ 25 ന് കൊൽക്കത്ത ആശ്രമത്തിൻെറ ആറാം വാർഷികം ആഘോഷിച്ചു. തദവസരത്തിൽ കുട്ടികൾക്കും അഭ്യാസികൾക്കും ഒരു കായികമേളസംഘടിപ്പിച്ചു. സഹോദരിമാർ ജൈനും, കോത്താരിയും ചേർന്ന് സംഘടിപ്പിച്ച ഈ കായികമേളയിൽ നൂറിൽപരം പേർ പങ്കെടുത്തു.



മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് മാതാപിതാക്കളെ ഓടി ചെന്ന് ആശ്ലേഷിക്കാനുള്ള ഒരു ഓട്ടപന്തയമുണ്ടായിരുന്നു. പ്രായം കൂടിയവർക്ക് ഒരു പാത്രത്തിൽ നിറച്ചു വെച്ചിരുന്ന തുവരപരിപ്പും പയറും വേർപ്പെടുത്തുന്നതായിരുന്നു മത്സരം. ഇതിലെ പ്രത്യേകത എന്തെന്നാൽ അഭ്യാസികൾക്ക് ആശ്രമത്തിലേക്ക് വരാനുള്ള പ്രചോദനം കുട്ടികളായിരുന്നു.

## ആന്തരിക അന്വേഷണവും പ്രതിഫലനവും, ഇൻഡോർ

ഡിസമ്പർ 18 മുതൽ 22 വരെ ഈ അഞ്ചു ദിവസങ്ങളിൽ 8 അഭ്യാസികൾ ആശ്രമത്തിൻെറ ശാന്തമായ അന്തരീക്ഷത്തിൽ ജീവിച്ചു. ഇതിൻെറ ഉദ്ദേശ്യം, അഭ്യാസികൾ ഈ ദിവസങ്ങളിൽ സ്വയം ആന്തരികമായി ആഴ്ന്നു പോകുകയും,ശരിയായ അർത്ഥത്തിൽ മാസ്റ്ററുടെ അടുത്തേക്കു നീങ്ങുകയും ചെയ്യണമെന്നതായിരുന്നു.
പ്രഭാഷണങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. കാരണം, ഈ ദിവസങ്ങളിൽ അഭ്യാസികൾ അവരുടെ സാധനയിലും ഡയറി എഴുതുന്നതിലും, പുസ്തകം വായിക്കുന്നതിലും ധ്യാനത്തിലും ശ്രദ്ധിക്കണമെന്നതായിരുന്നു.
സ. ദേശ് പാണ്ഡേ അഭ്യാസികളുടെ പ്രചോദനത്തിനായി അൽപസമയം സംസാരിച്ചു. എല്ലാ ദിവസവു രാവിലെയും, വൈകുന്നേരവും ഓരോ പ്രിസപ്റ്റർ ആവശ്യമുള്ളവർക്ക് സിറ്റിംഗ് കൊടുക്കുവാനായി വന്നിരുന്നു.
ഈ ദിവസങ്ങളിൽ അഭ്യാസികൾക്ക് നവോന്മേഷം അനുഭവപ്പെട്ടു.



ആന്തരിക ശാന്തിയും അനുഭവപ്പെട്ടു. ലക്ഷ്യത്തോട് കരുത്തു കൂടിയ തീരുമാനവുമായി അവർ ലൗകിക ജീവിതത്തിലേക്ക് തിരിച്ചു വന്നു. ഈ പദ്ധതി കൈകാര്യം ചെയ്തത് സ. അവിനാഷ് കർമാക്കറും രാജേഷ് റവേർക്കറും ചേർന്നായിരുന്നു. ഇത്തരമൊരു യോഗം സംസ്ഥാനതലത്തിലും നടത്താൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

## മഹാരാഷ്ട്ര യുവജന സമ്മേളനം, പൂനെ

2009 ഡിസമ്പർ 18 മുതൽ 22 വരെ പൂനെയിൽ നടത്തിയ യുവജനസമ്മേളനത്തിൽ 47 പേർ പങ്കെടുത്തു.
അനൗപചാരിക ചർച്ചക്കു പുറമെ സാധനക്കും ഇതിൽ ശ്രദ്ധ കൊടുത്തിരുന്നു. ഇതിൽ പങ്കെടുക്കാനെത്തിയവരെ സ.വൈദ്യ സ്വീകരിച്ചു. പരിശീലനം കൊടുക്കാൻ വന്ന ശിക്ഷകരെ പരിചയപ്പെടുത്തി. ഈ 47 പേരെ എട്ട് സംഘങ്ങളായി വേർ തിരിച്ച് ഓരോ സംഘവും രാജയോഗത്തിൻെറ ഓരോ പടികളെപ്പറ്റി സംസാരിക്കുവാനായിരുന്നു നിർദ്ദേശം .അതിനുശേഷം അവർ അവരവരെ സ്വയം പരിചയപ്പെടുത്തണം. ഇവിടെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ താഴെ പറയുന്നവയാണ്.
വ്യക്തിത്വ വികാസം- സഹജമാർഗത്തിലൂടെ,ദൈനം ദിന സാധന സ്നേഹം, അനുകമ്പ, ദയ, വിശ്വാസവും സാധനയും വഴി വിശ്വാസവും കരുത്തും വളർത്തൽ ,ആഗ്രഹവും അഭിലാഷവും സ്വഭാവവും മാറ്റങ്ങളും, സമ്മർദ്ദം കൈകാര്യം ചെയ്യുന്ന വിധം

അടുത്ത ദിവസത്തെ വിഷയങ്ങൾ: ജീവിതത്തിൽ തുലനം, സമൂഹത്തോടുള്ള ഉത്തരവാദിത്വം, മാസ്റ്ററോടുള്ള ബന്ധം വളർത്തൽ, പ്രയോഗക്ഷമതയുള്ള ആശയവിനിമയം.
ഈ പരിപാടി പലർക്കും ഒരു പുതിയ തുടക്കമായി.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശ കേന്ദ്രം

## അലഹാബാദ് ആശ്രമം







1965 ലാണ് അലഹാബാദ് കേന്ദ്രം തുടങ്ങിയത്. ശ്രീ. എം.എൽ. ചതുർവേദിയെ അവിടത്തെ പ്രിസപ്റ്റർ-ഇൻ-ചാർജ് ആയി നിയമിച്ചു. 1994 വരെ അദ്ദേഹത്തിൻെറ വീട്ടിൽ നിന്നാണ് പ്രവർത്തിച്ചിരുന്നത്.

പിന്നീട് അഭ്യാസികളിൽ നിന്നും പണം പിരിച്ചെടുത്ത് 13 ഏക്കർ ഭൂമി അലഹാബാദിലെ മുന്തേര എന്ന സ്ഥലത്ത് വാങ്ങി. അതിൽ 4 ഏക്കർ സ്ഥലം ആശ്രമത്തിനു വിട്ടു കൊടുത്തു. 1994 ഏപ്രിൽ 13 –ന് ആധാരം രജിസ്റ്റർ ചെയ്തു. മാസ്റ്ററുടെ അനുഗ്രഹത്തോടുകൂടി 1994 ഡിസമ്പർ 13 –ന് ഈ സ്ഥലത്ത് ആദ്യ സത്സംഗം നടത്തി.

ശ്രീ ആർ.ആർ.കെ. ത്രിവേദിയുടെ കഠിനപ്രയത്നത്തിൻെറ ഫലമായി ഗവർണർ ശ്രീ. മോത്തിലാൽ വോറ 1996 ഫെബ്രുവരി 27 ന് ഈ സ്ഥലത്ത് ഒരു മെഡിറ്റേഷൻ ഹാൾ പണിയുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചു. 1996 മാർച്ച് 9–ന് അദ്ദേഹം അതിന് തറക്കല്ലിട്ടു. അപ്പോൾ പൂജനീയ മാസ്റ്ററുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. മാസ്റ്റർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഹിമാലയത്തിൽ താമസിക്കുന്ന സന്യാസിമാർ എപ്രകാരമാണ് ജനങ്ങളുടെ ഹൃദയത്തിലേക്ക് സന്ദേശങ്ങൾ അയക്കുന്നതെന്ന് വിവരിച്ചു. ശ്രീ.വോറയും ഒരു ദിവ്യ പ്ലാൻ നടപ്പിലാക്കികൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. മറ്റുള്ളവരിൽ മാറ്റങ്ങൾ വരുത്താൻ കഴിയുന്ന സ്ഥാനങ്ങൾ വഹിക്കുന്നവർ ജനങ്ങൾക്ക് സാമൂഹ്യസേവനം ചെയ്താൽ മാത്രം പോരാ. അവരുടെ ആത്മീയ വളർച്ചക്കുവേണ്ടിയും തങ്ങളുടെ സ്ഥാനം ഉപയോഗപ്പെടുത്തണമെന്ന് മാസ്റ്റർ പറഞ്ഞു. അതിനുശേഷം മെഡിറ്റേഷൻ ഹാൾ പണിയാൻ മൂന്നു പ്രാവശ്യം കൂടി സാമ്പത്തിക സഹായം ഗവണ്മെൻറിൽനിന്നും ലഭിച്ചു.



1997 നവമ്പർ 14–ന് മാസ്റ്റർ മെഡിറ്റേഷൻ ഹാൾ ഉദ്ഘാടനം ചെയ്തു. ഈ ഹാളിൻെറ വിസ്തീർണ്ണം താഴത്ത് 10,000 ചതുരശ്ര അടിയാണ്. മുകളിൽ 200 ചതുരശ്ര അടി വിസ്താരമുള്ള രണ്ട് ബാൽക്കണികളുമുണ്ട്. ഇവിടെ തീർച്ചയായും ഒരു ആശ്രമം ഉണ്ടാകുമെന്ന് മാസ്റ്റർ അന്നു തന്നെ തൻെറ പ്രസംഗത്തിൽ പറഞ്ഞു. ഇത്രയും വേഗം പണി കഴിഞ്ഞതിനു കാരണം അവിടത്തെ അഭ്യാസികൾ ഹൃദയം ഉപയോഗിച്ച് പ്രവർത്തിച്ചതാണ്. നമ്മുടെ മിഷനിലുള്ള യുവാക്കളാണ് ശരിക്കും ഈ മിഷൻെറ പട്ടാളം. അവർക്കുള്ള ഉത്സാഹം മുതിർന്നവർക്കില്ല എന്നു പ്രസംഗത്തിൽ മാസ്റ്റർ പറഞ്ഞു.



സ. യു.എസ്. ബാജ്പായിയുടെ നിരന്തര പ്രയത്നത്തിൻെറ ഫലമായി ഈ ആശ്രമത്തിൻെറ നിർമ്മാണത്തിനായി ഉത്തർ പ്രദേശ് സർക്കാർ 80 ലക്ഷം രൂപ സഹായിച്ചു. അതുപയോഗിച്ച് മാസ്റ്ററുടെ കോട്ടേജ്, ലൈബ്രറി, വായനശാല, അടുക്കള, ഭക്ഷണശാല, ഡോർമിറ്ററി, ബാത്ത് റൂം, റോഡ് എന്നിവയെല്ലാം നിർമ്മിച്ചു. ഗവണ്മെൻറിൻെറ ധന സഹായം ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ ആശ്രമമാണിത്. മാസ്റ്ററുടെ കോട്ടേജിനടുത്ത് പലതരം വൃക്ഷങ്ങളും പൂചെടികളുമുള്ള ഒരു പൂന്തോട്ടവുമുണ്ട്.



എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു ആരോഗ്യ പരിപാലനകേന്ദ്രം ഈ ആശ്രമത്തിലുണ്ട്. ചുറ്റും ജീവിക്കുന്ന പാവപ്പെട്ടവർക്കും ആവശ്യമുള്ളവർക്കും ഈ സൗകര്യം ഉപയോഗപ്പെടുത്താം.

ഞായറാഴ്ചകളിൽ ഏകദേശം 400 അഭ്യാസികൾ സത്സംഗത്തിന് പങ്കെടുക്കുന്നു. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ഇവിടെ സത്സംഗം ഉണ്ട്. ആശ്രമത്തിൽ പലപ്പോഴും ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്താറുണ്ട്.



To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org
© 2009 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.